**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിൽ അനധികൃതമായി നിയമനങ്ങളും അവധി അനുവദിക്കലും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഏത് രീതിയിലാണ് ഇത്തരം ക്രമക്കേടുകൾ ഉണ്ടായതെന്നും ഇതുമൂലം ബാങ്കിനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | കരുവന്നൂർ ബാങ്ക് തട്ടിപ്പും ക്രമക്കേടും അന്വേഷിക്കാൻ ഉന്നതതല കമ്മിറ്റിയെ നിയമിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (സി) | 24/07/2021 തീയതിയിലെ സ.ഉ.(സാധാ) നം.451/2021/സഹ നമ്പർ ഉത്തരവ് പ്രകാരം കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ നടന്ന തട്ടിപ്പും ക്രമക്കേടും അന്വേഷിക്കാൻ ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിരുന്നു. |
| (ഡി) | എങ്കിൽ ഈ കമ്മിറ്റിയുടെ ഘടന എപ്രകാരമാണെന്നും റിപ്പോർട്ട് ലഭ്യമായോയെന്നും വ്യക്തമാക്കാമോ; | (ഡി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ അന്വേഷിക്കാൻ സർക്കാരിന്റെ 24/07/2021 തീയതിയിലെ GO(R.t)No.451/2021/Coop നമ്പർ ഉത്തരവ് പ്രകാരം ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി ഒൻപത് അംഗ ഉന്നത തല കമ്മിറ്റിയെ നിയമിച്ചു.<br><br>ശ്രീ.ഗോപകുമാർ പി.കെ.,(ജോയിന്റ് സെക്രട്ടറി, സഹകരണ വകുപ്പ്),<br><br>ശ്രീ.എം.ബിനോയ് കുമാർ (അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)<br><br>ശ്രീ.ഇ.രാജേന്ദ്രൻ (ജോയിന്റ് ഡയറക്ടർ),<br><br>ശ്രീ.അയ്യപ്പൻ നായർ റ്റി. (അസിസ്റ്റന്റ് രജിസ്ട്രാർ)<br><br>ശ്രീ.ആദിശേഷു (ടെക്നിക്കൽ എക്സ്പെർട്ട്)<br><br>ശ്രീ.ജയചന്ദ്രൻ എസ്. (അസിസ്റ്റന്റ് രജിസ്ട്രാർ)<br><br>ശ്രീ.വി. ജർണയിൽ സിംഗ്(അസിസ്റ്റന്റ് രജിസ്ട്രാർ) |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം രജിസ്ട്രാർ നോമിനേറ്റ് ചെയ്യുന്ന മറ്റ് രണ്ട് ഇൻസ്പെക്ടർമാർ.<br><br>സർക്കാർ നിയോഗിച്ച ഉന്നത തല കമ്മിറ്റി 20/10/2021 തീയതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിലുള്ള തട്ടിപ്പ് മറ്റ് സഹകരണ ബാങ്കുകളിൽ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാനും ഇതാവർത്തിക്കാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ അപ്രകാരമുള്ള ക്രമക്കേടുകൾ ഉണ്ടായാൽ ആയവ കൃത്യമായും കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആഡിറ്റർമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സംഘങ്ങളിൽ പരിശോധനകൾ തുടർച്ചയായി നടത്തി വരുന്നു. സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ